# ധനകാര്യ തകർച്ച : ധനമന്ത്രിക്ക് ഒരു മറുപടി

പ്രീ-ബജറ്റ് ചർച്ചയിൽ ഞാൻ പറഞ്ഞ അഭിപ്രായങ്ങളെക്കുറിച്ച് ധനമന്ത്രി ഡോ. തോമസ് ഐസക് തന്റെ ഫേസ്ബുക്ക് പേജിൽ ജനുവരി രണ്ടാം തീയതി കുറിച്ച പോസ്റ്റിനുള്ള മറുപടിയാണിത്.

സംസ്ഥാനത്തിന്റെ ധനപ്രതിസന്ധിയെകുറിച്ച് രണ്ട് ചിന്താഗതികൾ ഉണ്ട്. ഒന്ന്, ധനധൂർത്ത് രാഷ്ട്രീയവും അതിന്റെ അടിസ്ഥാനത്തിലുള്ള ധനനയങ്ങളും, ധനധൂർത്തും, മോശമായ ധനകാര്യമാനേജ്മെന്റും, കെടുകാര്യസ്ഥതയുമാണ് സംസ്ഥാനത്തിന്റെ ധനപ്രതിസന്ധിയുടെ മൂലകാരണങ്ങൾ. ഇത് വിശദമായ സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിൽ പ്രതിപാദിയ്ക്കുന്ന “ധനധൂർത്ത് രാഷ്ട്രീയവും രൂക്ഷധനപ്രതിസന്ധിയും” എന്ന പുസ്തകം ഞാൻ എഴുതിയിട്ടുണ്ട് (കറന്റ് ബുക്സ്, തൃശൂർ, 2016).

ഒരു സർക്കാർ ജനങ്ങളിൽ നിന്നും നികുതിയായും മറ്റിനങ്ങളായും പിരിക്കുന്ന തുകയും, മറ്റു വരുമാനങ്ങളും കടമെടുക്കുന്ന തുകയും ഭരണം മെച്ചപ്പെടുത്തുന്നതിനും, ജനങ്ങളുടെ ക്ഷേമത്തിനും, നാടിന്റെ വികസനത്തിനും ചെലവാക്കുന്നതിനു പകരം രാഷ്ട്രീയ അധികാരം നിലനിർത്താനും, രാഷ്ട്രീയ നേട്ടങ്ങൾ നേടാനും, ബ്യൂറോക്രസി, സമ്മർദ്ദഗ്രൂപ്പുകൾ, രാഷ്ട്രീയ മുന്നണികൾ എന്നിവയുടെ നിക്ഷിപ്തതാൽപ്പര്യങ്ങൾ സംരക്ഷിക്കാനും ഭരണവർഗ്ഗത്തിന്റെ ആഡംബരത്തിനും ധൂർത്തിനും ചെലവാക്കുന്നതിനെ ധനധൂർത്ത് എന്ന് പറയാം.

സംസ്ഥാനം അഭിമുഖീകരിച്ച മുൻ ധനതകർച്ചയ്ക്കും, ഇപ്പോഴുള്ള തകർച്ചയ്ക്കും കാരണം ഇതാണെന്നാണ് എന്റെ അഭിപ്രായം. കേന്ദ്രസർക്കാരും, മറ്റു സംസ്ഥാനങ്ങളും പത്തുവർഷത്തിലൊരിക്കൽ ശമ്പള പരിഷ്കരണം നടത്തുമ്പോൾ കേരളത്തിൽ അഞ്ചു വർഷത്തിലോരിക്കൽ നടത്തുന്നു. വർഷത്തിൽ ശരാശരി രണ്ട് ഡി.എ). വർദ്ധനവും നൽകുന്നു. സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അനിയന്ത്രിതമായ വർധന, വൻ ധനബാധ്യത സൃഷ്ടിച്ചുകൊണ്ടിരിയ്ക്കുന്ന ബ്യൂറോക്രസി വികസനം, തുടർച്ചയായി നഷ്ടത്തിൽ നടക്കുന്ന പൊതുമേഖല സ്ഥാപനങ്ങൾ, മറ്റ് ധനധൂർത്ത് ചെലവുകൾ തുടങ്ങിയവും ഇപ്പോഴുള്ള ധനതകർച്ചയുടെ കാരണങ്ങളാണ്.

ഭരണവർഗ്ഗത്തിന്റെ ആഡംബരത്തിനും ധൂർത്തിനും ഒരു പരിധിയുമില്ലാതെ പണം ചെലവാക്കുന്നു. ഉദാഹരണങ്ങൾ,

(1).സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും മറ്റും വലിയ വിലവരുന്ന ആഡംബരകാറായ ടയോട്ടഇന്നോവ ഔദ്യോഗിക കാറായി ഉപയോഗിയ്ക്കുന്നു. സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം വ്യാപകമാണ്.

(2). എം.എൽ.എ. മാരും, മുൻ എം.എൽ.എ. മാരും അവരുടെ കുടുംബാംഗങ്ങളും പരിധിയില്ലാത്ത ചികിത്സ ചെലവ് സർക്കാരിൽ നിന്നും വാങ്ങുന്നു. ഒരു എം.എൽ.എ. ചികിത്സ ചെലവായി കൈപറ്റിയത് 1.9 കോടി രൂപയാണ്.

(3). മന്ത്രിമാരുടെ പെഴ്സണൽ സ്റ്റാഫിൽ രണ്ട് വർഷം ജോലി ചെയ്താൽ ജീവിത കാലം മുഴുവൻ പെൻഷൻ ട്രഷറിയിൽ നിന്നും ലഭിക്കുന്നു.

(4). ഇന്ത്യയിലെ സംസ്ഥാനങ്ങളിലെ ഏറ്റവും ചെലവേറിയ പബ്ലിക് സർവീസ് കമ്മിഷൻ കേരളത്തിലാണ്. (വൻ ആനുകൂല്യങ്ങൾ പറ്റുന്ന 21 മുഴുവൻ സമയ അംഗങ്ങൾ കമ്മിഷനിൽ ഉണ്ട്.)

(5). ഇത്തരത്തിലുള്ള ധനധൂർത്ത് സർക്കാരിന്റെ എല്ലാ രംഗത്തും കാണാം.

രണ്ട്, മുൻ പറഞ്ഞതൊന്നും ധനധൂർത്ത് അല്ലെന്നാണ് മറ്റൊരു കൂട്ടരുടെ ചിന്താഗതി. ധനധൂർത്ത് രാഷ്ട്രീയത്തിന്റെ ഗുണഭോക്താക്കളായ രാഷ്ട്രീയ നേതാക്കൾ, മന്ത്രിമാർ, ഉദ്യോഗസ്ഥർ, സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നവർ, മറ്റു സമ്മർദ്ദ ഗ്രൂപ്പുകൾ തുടങ്ങിയവർ ഈ ധൂർത്തിന് ഒരു ചെറിയ നിയന്ത്രണം ഏർപ്പെടുത്തുനതിനെ വരെ ശക്തിയായി എതിർക്കുന്നു. ധനധൂർത്ത് രാഷ്ട്രീയത്തിന്റെ വക്താവായതിനാലാണ് ധനമന്ത്രി ഈ നിലപാട് സ്വീകരിയ്ക്കുന്നത്. ധനധൂർത്ത് ചെലവുകളെ നിയന്ത്രിക്കണം എന്ന എന്റെ അഭിപ്രായത്തെ സർക്കാർ വിരുദ്ധ നിലപാടായിട്ടാണ് അദ്ദേഹം കാണുന്നത്. ധനമന്ത്രിയുടെ ധനനയങ്ങൾ നാടിനെ കരകയറാൻ കഴിയാത്ത ധനകാര്യതകർച്ചയിലും, കടക്കെണിയിലും, ജനങ്ങളുടെ ദുരിതത്തിലും, അരാജകത്വത്തിലേക്കും എത്തിക്കുമെന്നും ഞാൻ കരുതുന്നു.

കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികളിൽ നിന്ന് യൂസർ ചാർജ്ജ് പിരിയ്ക്കാൻ വ്യവസ്ഥയില്ല. കിഫ്ബിയിൽ 18,000 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം കൊടുത്ത് കഴിഞ്ഞു. ഇതിനു പുറമേ 30,000 കോടി രൂപയുള്ള പദ്ധതികൾക്ക് അനുമതി നൽകുമെന്ന് സർക്കാർ പറയുന്നു. സംസ്ഥാന നികുതി വരുമാനത്തിൽ നിന്ന് ഭാവിയിൽ ഈ വായ്പയുടെ മുതലും പലിശയും തിരിച്ചടയ്ക്കേണ്ടി വരുമ്പോൾ ഇത് ധനകാര്യ തകർച്ച സൃഷ്ടിക്കാൻ ഇടയാക്കുമെന്നതിനു സംശയമില്ല.

ധനമന്ത്രിയുടെ നയങ്ങളെ വിമർശിക്കാൻ പാടില്ലയെന്ന ബ്യൂറോക്രറ്റിക് കാഴ്ചപാട് ഒരു പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ലെന്നും ചൂണ്ടികാണിക്കാൻ ആഗ്രഹിക്കുന്നു.

N.B. മാന്യവായനക്കാരുടെ അഭിപ്രായം മാനിച്ച് എന്റെ പുസ്തകം (ധനധൂർത്ത് രാഷ്ട്രീയവും രൂക്ഷധനപ്രതിസന്ധിയും) www.keralaeconomy.com എന്ന വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്.

http://keralaeconomy.com/details.aspx?mid=003&sid=003a